ഉത്തരം

(എ) ജോലി പൂർത്തിയാകാറായിട്ടുണ്ട്.
(ബി) അല്ല.
(സി) പ്രസക്തമല്ല.
(ഡി & ഇ) പണി ഈ മാസം തന്നെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കരകുളം പഞ്ചായത്തിലെ വൈദ്യുത കണക്ഷൻ

171. [453] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരകുളം പഞ്ചായത്തിലെ നമ്പാട് പനവിളാകം കുഴവിക്കോണം എന്നീ പ്രദേശങ്ങളിലെ എത്രവീട്ടുകാർ വൈദ്യുത കണക്ഷനുവേണ്ടി മിനിമം ഗ്യാരണ്ടി വച്ചിട്ടുണ്ട് ;

(ബി) മിനിമം ഗ്യാരണ്ടി വച്ചിട്ട് എത്ര കാലമായി ;

(സി) ഈ കണക്ഷനുകൾ അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 47.
(ബി) 31-10-1983-ലാണ് മിനിമംഗ്യാരണ്ടി വച്ചത്.
(സി) ഈ പണികൾ മുൻഗണനാക്രമമനുസരിച്ച് എട്ടാമത്തേതാണ്. മുൻഗണനാക്രമത്തിൽ സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചു ചെയ്തു തീർക്കുന്നതാണ്.

പന്ന്യാൽ പ്രദേശത്തെ വൈദ്യുതീകരണം

172. [454] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകണ്ഠപുരം സെക്ഷനിൽപ്പെട്ട പന്ന്യാൽ പ്രദേശത്ത് വൈദ്യുതീകരണം നടപ്പിലാക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) കാർഷിക വികസനത്തിന് വളരെയേറെ സാദ്ധ്യതകൾ ഉള്ള ഈ പ്രദേശത്ത് വൈദ്യുതീകരണം ഉടനെ നടപ്പിലാക്കാൻ ഗവൺമെന്റിൽ നിന്നും നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) എസ്റ്റിമേറിന് അനുമതി നൽകിയിട്ടുണ്ട്. ശ്രീകണ്ഠപുരം സെക്ഷനിലെ മുൻഗണനാക്രമമനുസരിച്ച് 19-ാമത്തെ വർക്കാണ്.

(ബി) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly